ഉത്തരം

(എ) ഉണ്ട്. 1-4-2000 മുതൽ 120 രൂപയായി വർദ്ധിപ്പിച്ചു.

(ബി) 1999 ഒക്ടോബർ മാസംവരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. കുടിശ്ശിക സംഖ്യ വിതരണം ചെയ്യുന്ന കാര്യം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിഗണിക്കുന്നതാണ്.

(സി) 1166 പേർക്ക് വീടു നൽകി. പദ്ധതിക്കായി അനുവദിച്ച തുക ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയിട്ടില്ല.

മത്സ്യത്തൊഴിലാളി വിധവകൾക്ക് പെൻഷൻ പദ്ധതി

95 (1657) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട വിധവകൾക്ക് പെൻഷൻ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ എന്നുമുതൽ എന്ന് വെളിപ്പെടുത്തുമോ ;

(ബി) വിധവാപെൻഷൻ പദ്ധതി നടപ്പാക്കുന്നതോടെ നിലവിലുള്ള ആശ്വാസ ധനസഹായങ്ങൾ തുടർന്ന് നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) വിധവാ പെൻഷന്റെ നിരക്കിനെ സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടുവോ ; എങ്കിൽ വിധവാ പെൻഷന്റെ നിരക്കിനെ സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഇപ്പോൾ ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്ന വിധവാപെൻഷനു പുറമെ മറ്റേതെങ്കിലും പുതിയ പെൻഷൻ പദ്ധതികളോ സമാശ്വാസ ധനസഹായപദ്ധതികളോ നടപ്പാക്കാൻ സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ടോ ; എങ്കിൽ അവ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(ഇ) മത്സ്യത്തൊഴിലാളി വിധവാ പെൻഷൻ പദ്ധതിക്ക് അർഹതയുള്ളവർ എത്ര എന്നത് സംബന്ധിച്ച് എന്തെങ്കിലും സർവേ നടത്തികഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) മത്സ്യത്തൊഴിലാളി വിധവാ പെൻഷൻ പദ്ധതിയുടെ നടത്തിപ്പ് ത്വരിതപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. 1-1-2001 മുതൽ

(ബി) നിലവിലുള്ള ആശ്വാസ ധനസഹായങ്ങൾ തുടർന്ന് നൽകുന്നതാണ്.

(സി) വാർദ്ധക്യകാലപെൻഷൻ നിരക്കിൽ തന്നെയാണ് വിധവാ പെൻഷൻ നൽകുന്നത്. വാർദ്ധക്യകാല പെൻഷൻ 1-4-2000 മുതൽ 120 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വിധവാ പെൻഷൻ 120 രൂപയാണ്.

(ഡി) ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസപദ്ധതി 1-1-2001 മുതൽ നടപ്പാക്കാൻ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞു.

(ഇ) ഏകദേശം 5000-ത്തോളം പേർ വിധവാ പെൻഷന് അർഹതയുള്ളവരായി ഉണ്ടാകുമെന്ന് കണക്കാക്കുന്നു.

(എഫ്) വിധവാപെൻഷനുള്ള അപേക്ഷകൾ സ്വീകരിച്ച് പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടി ആരംഭിച്ചുകഴിഞ്ഞു.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങൾ

96 (1658) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഉണ്ടായിരുന്നു ;

(ബി) മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിക്കുവാൻ ഈ ഗവൺമെന്റിന് എന്തെല്ലാം പദ്ധതികളുണ്ടായിരുന്നു ;

(സി) ഈ പദ്ധതികൾ നടപ്പാക്കിയതിന്റെ ഫലമായി എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തി ;

(ഡി) ഇപ്പോൾ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുണ്ട് ?

ഉത്തരം

(എ) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ കണക്ക് ഭവന സന്ദർശനം നടത്തി ശേഖരിച്ച് കഴിഞ്ഞു. എന്നാൽ വിശദാംശം തയ്യാറായി വരുന്നതേയുള്ളൂ.

(ബി) 1. നാടൻ വള്ളങ്ങളുടെ യന്ത്രവൽക്കരണം.

2. എൻ.സി.ഡി.സി. ധനസഹായമുള്ള സംയോജിത മത്സ്യ വികസനപദ്ധതി.

3. മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ബാങ്ക് വായ്പാ പദ്ധതി.

4. മത്സ്യബന്ധന വലകൾക്ക് അനുയോജ്യമായ ഘടകങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായപദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly